LIBRARY ARCHIVES Kerala Legislative Assembly

10. ജനപങ്കാളിത്ത വനപരിപാലന പ്രക്രിയയിലൂടെ വനസംരക്ഷണത്തിന് സാമൂഹിക പ്രതിരോധ ശേഷി നേടുന്നതിനുള്ള നടപടികൾ

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ്, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആൻഡ് പ്ലാനിംഗ് അതോറിറ്റി എന്നിവയിൽ നിന്നും, ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി, ലോകബാങ്ക്, യുണൈറ്റഡ് നാഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം, ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി എന്നീ അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാക്കുന്നുണ്ട്. പരിസ്ഥിതി മേഖലയിലെ സന്നദ്ധ സംഘടനകൾ, കേരള കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി സർവ്വകലാശാല, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാനിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ബയോ ഡൈവേഴ്സിറ്റി ബോർഡ്, നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി, പെരിയാർ-പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ, സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി തുടങ്ങിയ ഏജൻസികളുടെ സഹായവും ലഭ്യമാക്കിയാണ് കർമ്മ പരിപാടികൾ നടപ്പിലാക്കി വരുന്നത്.

(സി) കർമ്മ പരിപാടികൾ നടപ്പിലാക്കി വരികയാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ കർമ്മ പരിപാടികൾ നിർവ്വഹിക്കുന്നതിന് ഭരണ-സാങ്കേതികാനുമതികൾ നൽകിയിട്ടുണ്ട്.

കണ്ണൂർ വിമാനത്താവള നിർമ്മാണം

15 (*15) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ വിമാനത്താവളം എന്ന് മുതൽ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) (1) വിമാനത്താവളത്തിനുവേണ്ടി ഇതിനകം 1277.93 ഏക്കർ ഭൂമി രണ്ടുഘട്ടങ്ങളിലായി ഏറ്റെടുക്കുകയും ഇതിൽ 1266.83 ഏക്കർ ഭൂമി കിയാലിന് ലഭ്യമാക്കിയിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ ഇതുവരെയായി കിൻഫ്ര 612 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(2) കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെയും പ്രതിരോധമന്ത്രാലയത്തിന്റെയും ആഭ്യന്തരമന്ത്രാലയത്തിന്റെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതി ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്.

(3) വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ വിശദമായ പ്രൊജക്ട് റിപ്പോർട്ടും (ഡി.പി.ആർ.) മാസ്റ്റർ പ്ലാനും പ്രോജക്ട് ഇൻഫർമേഷൻ മെമ്മോറാണ്ടം തുടങ്ങിയവയ്ക്ക് കണ്ണൂർ വിമാനത്താവളത്തിന്റെ ബോർഡ് യോഗം അംഗീകാരം നൽകുകയുണ്ടായി.

(4) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെയും എയർസൈഡ് പ്രവൃത്തികളുടെയും കരാർ (ഇ.പി.സി-1) 694 കോടി രൂപയ്ക്ക് 2013 നവംബർ 5-ന് ലാർസൺ & ടൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പ്രവൃത്തി ഇപ്പോൾ 40% പൂർത്തിയായിട്ടുണ്ട്. വിമാനത്താവളത്തിൽ നിന്നുള്ള പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്.

(5) കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ളൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ & ടൂബ്രോ ലിമിറ്റഡിന്റെ ബി & എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 20% പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(6) പദ്ധതി നടത്തിപ്പിനാവശ്യമായ തുക ഓഹരിമൂലധനമായും ബാങ്കുവായ്പയായും സമാഹരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ഉണ്ട്. കേന്ദ്ര വനം-പാരിസ്ഥിതിക മന്ത്രാലയത്തിന്റെ 19 ജൂലൈ 2013-ലെ ഉത്തരവ് പ്രകാരം പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനുള്ള അനുമതി കേരള മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 12-12-2013 ന് ലഭിച്ചിട്ടുണ്ട്.

(സി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെയും എയർസൈഡ് പ്രവർത്തികളുടെയും കരാർ (ഇ.പി.സി.-1) 694 കോടി രൂപയ്ക്ക് 2013 നവംബർ 5-ന് ലാർസൺ & ടൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പ്രവൃത്തി ഇപ്പോൾ 40% പൂർത്തിയായിട്ടുണ്ട്. വിമാനത്താവളത്തിൽ നിന്നുള്ള പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ളൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ & ടൂബ്രോ ലിമിറ്റഡിന്റെ ബി & എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 20% പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ചെറിയ നിർമ്മാണ പ്രവർത്തികൾ (ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ എഞ്ചിൻ തുടങ്ങിയവയുള്ള) ടെൻഡർ നടപടികൾ നടന്നുവരികയാണ്.

(ഡി) കണ്ണൂർ വിമാനത്താവളത്തിൽ 2015 ഡിസംബർ മാസത്തിൽ പരീക്ഷണപ്പറക്കൽ നടത്താനും 2016 മേയ് മാസത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(ഇ) നവരത്ന പദ്ധതിയിലുൾപ്പെട്ട കണ്ണൂർ വിമാനത്താവളത്തിന്റെ മിഷൻ 676-ലെ തുടർ പ്രവർത്തനങ്ങൾക്ക് വർക്ക് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം വിമാനത്തിന്റെ പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസത്തിലും വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് 2016 മേയ് മാസത്തിലുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly